തരത്തിലുള്ള ഒരു മാറ്റമാണ് ഞാൻ ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. പലപ്പോഴും വലിയ തുക കൈക്കൂലിയായും മറ്റും കൊടുക്കേണ്ടിവരുന്ന ആളുകൾക്ക് ഗവൺമെന്റ് ഒരു ചെറിയ ഫീസ് ഈടാക്കിയാൽപോലും അവർക്ക് അതൃപ്തിയുണ്ടാകുകയില്ല. ഈ പ്രശ്നം വളരെ ഗൗരവമായി ഗവൺമെന്റ് പരിശോധിക്കണം. വളരെ പെട്ടെന്ന് അല്ലെങ്കിൽപ്പോലും ഭാവിയിൽ കാര്യമായി ആലോചിച്ച് ഈ തരത്തിലുള്ള നീക്കം ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

## 14. 2000-ലെ വിശാല പെരിയാർ മേഖലാ സംരക്ഷണ പോഷണ അതോറിറ്റി ബിൽ

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, 2000-ലെ വിശാല പെരിയാർ മേഖലാ സംരക്ഷണ പോഷണ അതോറിറ്റി ബില്ലിന്റെ അവതരണാമനുതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ തന്നെ നദീതട വികസനവും എല്ലാ നദികളേയും സംരക്ഷിക്കാനുള്ള നടപടിയാണ്. അതിന്റെ ഭാഗമായിട്ടുള്ള ബിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതുകൊണ്ട് ഇത് പിൻവലിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഗവൺമെന്റ് ഈ തരത്തിൽ ചിന്തിക്കുന്നു എന്നു മനസ്സിലാക്കുന്നത് വളരെ സന്തോഷകരമാണ്. ഗവൺമെന്റ് അപ്രകാരമൊരു ബിൽകൊണ്ടുവരുമ്പോൾ എന്റെ ഈ ആശയങ്ങൾകൂടി ഉൾക്കൊള്ളണം എന്നുപറയുന്നതിനാണ് ഞാൻ ഇതിന്റെ കൂടുതൽ ഭാഗത്തേയ്ക്ക് കടക്കുന്നത്. പെരിയാറിനെയും പോഷക നദികളെയും അവയുടെ കൈവഴികളെയും നദീതടങ്ങളേയും അവിടത്തെ ജൈവ സമ്പത്തിനേയും സംയോജിപ്പിച്ച് ഒരു വിശാല പെരിയാർ മേഖല സൃഷ്ടിക്കുന്നതിനും അതുവഴി ഈ മേഖലയുടെ ജൈവ നൈസർഗ്ഗികത നിലനിർത്തുന്നതിനും പാരിസ്ഥിതിക സംതുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് ഈ സ്വകാര്യ ബിൽ അവതരിപ്പിക്കുന്നതിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്. പെരിയാറും പെരിയാറിന്റെ വിവിധ പോഷക നദികളും, മുല്ലയാറും, ചിന്നയാറും, ദേവിയാറും, പൂയംകുട്ടി പുഴയും എല്ലാം വിസ്തൃതവും വിശാലവുമായ ഒരു സമതല സമ്പത്ത് ഉൾക്കൊള്ളുന്നതാണ്. ഈ നദികളുടെ പ്രവാഹ പ്രദേശങ്ങൾ ജൈവ വൈവിധ്യങ്ങളുടെ കലവറയാണ്. നമ്മുടെ പുഴകളുടേയും പ്രാന്തപ്രദേശങ്ങളുടേയും അനിയന്ത്രിതമായ ചൂഷണവും മലിനീകരണവും ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. പെരിയാറിന്റെ പ്രാന്തപ്രദേശങ്ങൾ പ്രത്യേകിച്ച് മലയോര മേഖല,

LIBRARY ARCHIVES Kerala Legislative Assembly

ജൈവ സമ്പത്തുകൊണ്ട് അനുഗ്രഹീതമാണ്. ആകാശംമുട്ടെ വളർന്നുനിൽക്കുന്ന വൻകെട്ടിടങ്ങളും കൊടുങ്കാടുകളും ഔഷധച്ചെടികളുമൊക്കെ ഉൾക്കൊള്ളുന്ന ഈ മേഖല സംരക്ഷിക്കാൻ ഒരു പ്രത്യേക നിയമവും ഒരു പ്രത്യേക അതോറിറ്റിയും തന്നെ നമുക്ക് രൂപീകരിക്കണമായിരുന്നു. ഈ പ്രദേശത്തെ ജൈവ ധാതുസമ്പത്ത് സംരക്ഷിക്കേണ്ടത് നമ്മുടെ സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനു കൂടി ആവശ്യമാണ്. ഇതിന്റെ താഴ്വര പ്രദേശത്തെ കാർഷികോൽപ്പാദനക്ഷമത എടുത്തുപറയേണ്ടതാണ്. എക്കോ ടൂറിസവുമായി ബന്ധപ്പെട്ട ഈ മേഖലയിൽ നിലനിൽക്കുന്ന അനന്തസാധ്യതകളും നമുക്ക് കാണാതിരിക്കാൻ കഴിയില്ല. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനവും ഗവേഷണവും നടത്തുന്നതിന് ഈ പ്രദേശം നിലനിർത്തേണ്ടത് ആവശ്യമാണ്. പക്ഷിസങ്കേതങ്ങളും വന്യമൃഗ സങ്കേതങ്ങളും എല്ലാം ഈ പ്രദേശത്തിന്റെ വിലമതിക്കാനാകാത്ത സമ്പത്താണ്. ഈ ആശയങ്ങൾകൂടി ഗവൺമെന്റ് കൊണ്ടുവരുന്ന ബില്ലിൽ ഉൾക്കൊള്ളിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

## 15. 2000-ലെ കേരള നിയമസഭാ സാമാജികർക്ക് ഔദ്യോഗിക വാഹനം ലഭ്യമാക്കൽ ബിൽ

(ശ്രീ. പി. പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, 2000-ലെ കേരള നിയമസഭാ സാമാജികർക്ക് ഔദ്യോഗിക വാഹനം ലഭ്യമാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ. കെ. നായനാർ : സർ, ഇത് എല്ലാവരും സപ്പോർട്ട് ചെയ്യും. പക്ഷേ ഇപ്പോൾ വേണ്ട.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, എന്റെ ഒരു ബില്ലിന് സഭയുടെ ഒന്നടങ്കമായ പിന്തുണ ലഭിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഔദ്യോഗിക വാഹനം ഉള്ളതുകൊണ്ടാണ് അദ്ദേഹം ഇതിന് സപ്പോർട്ട് ചെയ്യാത്തത്.

ശ്രീ. ടി. എം. ജേക്കബ് : സർ, പ്രതിപക്ഷ നേതാവിന് ഔദ്യോഗിക വാഹനം ഉണ്ട്. ഞങ്ങൾക്കാർക്കും ഔദ്യോഗിക വാഹനം ഇല്ല. നമുക്ക് വേണ്ട.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : അങ്ങ് പറഞ്ഞിട്ടുള്ളത് പലതും സ്വീകരിച്ചിട്ടുള്ള സഭയാണ്. എന്റെ പിന്നിട്ട 5 വർഷങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. വിസ്തൃതവും മലയോര മേഖല ഉൾക്കൊള്ളുന്നതുമായ ഇടുക്കി മേഖലയിലെ പ്രവർത്തനങ്ങളുടെകൂടി അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ബിൽ കൊണ്ടുവരുന്നത്. ജനക്ഷേമ പ്രവർത്തനങ്ങളുടേയും അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly